അനുബന്ധം 1

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.33-ന്റെ ഉത്തരത്തിന്റെ (ഡി) പിരിവിന്റെ ബാക്കി ഭാഗം</u>

(ഡി)....... ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി പ്രാരംഭഘട്ടത്തിൽ സഹകാരികൾ, PACS Association ഭാരവാഹികൾ, സഹകരണ സംഘം/ബാങ്ക് ജീവനക്കാരുടെ പ്രതിനിധികൾ എന്നിവരുമായും മറ്റ് നിയമ വിദഗ്ധരുമായും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സഹകരണം സംസ്ഥാന വിഷയമാണെങ്കിലും കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ അനുവർത്തിച്ചുവരുന്ന നയങ്ങളും അടിക്കടി ഉണ്ടാകുന്ന നിയമ ഭേദഗതികളും സംസ്ഥാനത്തെ സഹകരണ മേഖലകളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇൻകം ടാക്സ് നിയമത്തിലുണ്ടാകുന്ന ഭേദഗതികൾ പലതും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ തന്നെ തുരങ്കം വെക്കുന്നതാണ്. ഈ പ്രതിസന്ധി മറികടക്കാൻ സംസ്ഥാന സർക്കാർ നിയമപരവും നയപരവുമായ തീരുമാനങ്ങൾ എടുത്ത് മുന്നോട്ട് പോകുകയാണ്. ഇൻകം ടാക്സ് നിയമത്തിലെ 194 A, 194 N എന്നീ ഭേദഗതികൾക്കെതിരെ നിരവധി സംഘങ്ങൾ തന്നെ വിവിധ കോടതികളെ സമീപിച്ച് അനുകൂല ഉത്തരവുകൾ നേടിയിട്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ

നിയമത്തിൽ വരുത്തിയ ഭേദഗതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ നിക്ഷേപങ്ങൾ ആകർഷിച്ച് വിവിധ മേഖലകളിലേക്ക് ലോൺ അനുവദിച്ച് സംസ്ഥാനത്തിന്റെ സമഗ്രമായ വികസനം ഉറപ്പുവരുത്തുക എന്നതാണ് സഹകരണ വകുപ്പിന്റെ ലക്ഷ്യം. ഇതിലേക്ക് താഴെ കൊടുത്ത വിധം വിവിധ പരിപാടികളാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കേരള ബാങ്ക് നിലവിൽ വന്നതിനുശേഷം കാർഷിക മേഖല, ചെറുകിട മേഖല, പ്രവാസി സമൂഹം എന്നിവയ്ക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. "മുറ്റത്തെ മുല്ല"പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം ലക്ഷ്യമിട്ട് ആധുനിക സംസ്കരണ പ്ലാന്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തീരദേശ മേഖലയിൽ "മുറ്റത്തെ മുല്ല"യുടെ മാതൃകയിൽ പ്രതിദിന വായ്പാ പദ്ധതി നടപ്പിലാക്കുന്നതാണ്. ആകർഷകമായ പലിശ നിരക്കുകൾ ഏർപ്പെടുത്തി സഹകരണ മേഖലയിലേക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. കാർഷിക മേഖല ലക്ഷ്യമിട്ട് ഒരു സമഗ്രമായ പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിനായി ഗ്രാമീണ ചന്തകൾ

ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽപ്രകാരമുള്ള നടപടികളിലൂടെ സഹകരണ രംഗത്തുണ്ടാകുന്ന തിരിച്ചടികളെ ഫലപ്രദമായി നേരിടുന്നതിന് സാധിക്കുമെന്ന് സർക്കാർ വിശ്വസിക്കുന്നു.